# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂലൈ 7**

---

## ബിരുദ ക്ലാസുകൾ 10 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലെ ബിരുദ കോഴ്സുകളുടെ ഒന്നാം സെമസ്റ്റർ ക്ലാസുകൾ ജൂലൈ 10ന് ആരംഭിക്കും.

(പി.ആർ.ഒ/39/770/2023)

## ബി.എഡ്; കമ്യൂണിറ്റി മെരിറ്റ് ക്വാട്ട രണ്ടാം അലോട്ട്മെൻറ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് സെൻററുകളിലെ ബി.എഡ് ഏകജാലക പ്രവേശനത്തിൻറെ കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയിലെ രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവർ ജൂലൈ 11ന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

(പി.ആർ.ഒ/39/771/2023)

## ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ അന്തർസർവകലാശാലാ ഭിന്നശേഷിപഠന കേന്ദ്രം(ഐ.യു.സി.ഡി.എസ്) ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ്(ജി.ഡി.എ) കോഴ്സ് ആരംഭിക്കുന്നു.

നാട്ടിലും വിദേശത്തും ആശുപത്രികളിൽ നഴ്സുമാരെയും ഡോക്ടർമാരെയും സഹായിക്കുന്ന അസിസ്റ്റൻറ് നഴ്സ് തസ്തികയിൽ ജോലി ലഭിക്കുവാൻ ഉപകരിക്കുന്ന മൂന്നു മാസത്തെ കോഴ്സിൽ ഒരു മാസത്തെ ആശുപത്രി പരിശീലനവും പ്ലേസ്മെൻറ് സഹായവുമുണ്ട്.

സർവകലാശാലയിൽ നടക്കുന്ന ഓഫ് ലൈൻ ക്ലാസുകളും ഓൺലൈൻ ക്ലാസുകളും ജൂലൈ 10ന് ആരംഭിക്കും. ഫോൺ: 9946299968, 9744309884. ഇ-മെയിൽ- iucdsmgu@mgu.ac.in

(പി.ആർ.ഒ/39/772/2023)

## പി.ജി ഡിപ്ലോമ ഇൻ യോഗ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ യോഗ ആൻറ് നാച്ചുറോപ്പതി(സി.വൈ.എൻ) 2023-2024 അക്കാദമിക് വർഷത്തെ പി.ജി ഡിപ്ലോമ ഇൻ യോഗ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഒരു വർഷത്തെ പ്രോഗ്രാം രണ്ടു സെമസ്റ്ററുകളായാണ് നടത്തുന്നത്. ഓൺലൈൻ, ഓഫ് ലൈൻ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഒരു ബാച്ചിൽ 30 സീറ്റുകളാണുള്ളത്.

ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല.

പ്രവേശനപരീക്ഷ, യോഗ്യതാ പരീക്ഷ, ഇൻറർവ്യു, ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയിൽ ലഭിച്ച മാർക്ക് പ്രകാരം മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

പ്രവേശന പരീക്ഷ സർവകലാശാല സെൻറർ ഫോർ യോഗ ആൻറ് നാച്ചുറോപ്പതിയിൽ ഓഗസ്റ്റ് 10ന് നടക്കും.

അപേക്ഷാ ഫോറം സർവകലാശാല വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. പൂരിപ്പിച്ച അപേക്ഷാ ഫോറം 500 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച രസീതും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം ജൂലൈ 31 വരെ cyn.mgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കാം.

വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/773/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ജൂലൈ 24ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.വോക് വിഷ്വൽ മീഡിയ ആൻറ് ഫിലിം മേക്കിംഗ് (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് ജൂലൈ 11 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ 12ന് പിഴയോടു കൂടിയും ജൂലൈ 13ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

....................................

അഫിലിയേറ്റഡ് കോളജുകളിലെ ആറാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പരീക്ഷകൾക്ക് ജൂലൈ 24 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ജൂലൈ 25ന് പിഴയോടു കൂടിയും ജൂലൈ 26ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

റഗുലർ വിദ്യാർഥികൾ 270 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിന് 45 രൂപ നിരക്കിലും(പരമാവധി 270 രൂപ) സി.വി ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/774/2023)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ എം.സി.എ (സപ്ലിമെൻററിയും മെഴ്സി ചാൻസും - അഫിലിയേറ്റഡ് കോളജുകൾ, സീപാസ്) പരീക്ഷകൾ ജൂലൈ 19ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.................................

നാലാം സെമസ്റ്റർ സി.ബി.സി.എസ് മെയ് 2023 ബിരുദ പരീക്ഷകൾ (2021 അഡ്മിഷൻ റഗുലർ) ജൂലൈ 20ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

.................................

നാലാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ ജൂലൈ 20ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/775/2023)

## പരീക്ഷാ ടൈംടേബിൾ

ആറാം സെമസ്റ്റർ ബി.ടെക് (പുതിയ സ്കീം - 2010 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററിയും മെഴ്സി ചാൻസും) പരീക്ഷയോടൊപ്പം ഐ.റ്റി ബ്രാഞ്ചിൻറെ സോഫ്റ്റ് വെയർ എൻജിനീയറിംഗ് എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ ജൂലൈ 19ന് നടക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. ടൈംടേബിൾ വെബ്സൈറ്റിൽ.

.......................

ജൂലൈ 19ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.എ ജെ.എം.സി, എം.എസ്.ഡബ്ല്യു, എം.എം.എച്ച്, എം.ടി.എ, എം.ടി.ടി.എം - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - അഫിലിയേറ്റഡ് കേളജുകളുടെ മാത്രം) പരീക്ഷയോടൊപ്പം കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ചു. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

............................

ആറാം സെമസ്റ്റർ ബി.വോക്(2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെയഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷയോടൊപ്പം കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻറ് നെറ്റ്വർക്കിംഗ്, ഫുഡ് ടോക്സിക്കോളജി, എൻറർപ്രണർഷിപ്പ് ഡവലപ്പ്മെൻറ് എന്നീ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി. പരീക്ഷകൾ യഥാക്രമം ജൂലൈ 19, 24, 27 തീയതികളിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/776/2023)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എ സോഷ്യോളജി - മെയ് 2023(പ്രൈവറ്റ് രജിസ്ട്രേഷൻ - 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ജൂലൈ 13 മുതൽ നടക്കും.. ടൈംടേബിൾ വെബ്സൈറ്റിൽ.

....................

നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി - മെയ് 2023 പരീക്ഷയുടെ(പ്രൈവറ്റ് രജിസ്ട്രേഷൻ - 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) വൈവ വോസി പരീക്ഷകൾ ജൂലൈ 18ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/777/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.വോക് അഡ്വാൻസ്ഡ് കോഴ്സ് ഇൻ മൾട്ടി സ്പോർട്സ് ആൻറ് ഫിറ്റ്നസ് ട്രെയിനിംഗ് - ജൂൺ 2023 (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം)പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 11മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/778/2023)

## പരീക്ഷാ ഫലം

2023 മാർച്ചിൽ നടത്തിയ ഒന്നാം വർഷ ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് ജൂലൈ 21 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

......................

2022 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ (സി.ബി.സി.എസ് - 2021 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 21 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

(പി.ആർ.ഒ/39/779/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**